# അർധപ്രാണനോടെ വന്നു, നിശ്ചലയായി മടങ്ങി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

വിദ്യ പകർന്നുനൽകേണ്ടവനാൽ കുത്തേറ്റുവീണ ഡോ. വന്ദന തിരുവനന്തപുരത്ത് എത്തിയത് പാതി ജീവനുമായി. ആയിരങ്ങളുടെ ജീവന് കരുതലാകേണ്ടിയിരുന്നവൾ ഒടുവിൽ നിശ്ചലയായി മടങ്ങി. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുലർച്ചെയുണ്ടായ ആക്രമണത്തിൽ പരിക്കേറ്റ വന്ദനയെ രാവിലെ ഏഴരയോടെയാണ് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ എത്തിച്ചത്. ജീവൻ നിലനിർത്താനുള്ള പരിശ്രമങ്ങളെല്ലാം വിഫലമാക്കുംവിധം ഗുരുതരമായിരുന്നു പരിക്കുകൾ. എട്ടരയോടെ മരണം സ്ഥിരീകരിച്ചു.

മരണവിവരം പുറത്തുവന്നതോടെ നാടിന്റെ നാനാഭാഗത്തുനിന്നുമുള്ളവർ ആശുപത്രി പരിസരത്തേക്കൊഴുകി. വിവിധ മെഡിക്കൽ കോളേജുകളിലെ വിദ്യാർഥികളും ഹൗസ് സർജന്മാരുമെല്ലാം പ്രതിഷേധത്തിലായി. മോർച്ചറിയിൽ ഇൻക്വസ്റ്റ് നടപടികൾ പുരോഗമിക്കുന്നതിനിടെ ഗവർണർ ആരിഫ് മൊഹമ്മദ്ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ എൻ ഷംസീർ, മന്ത്രിമാരായ വീണാ ജോർജ്, വി എൻ വാസവൻ എന്നിവർ ആശുപത്രിയിൽ എത്തി. തിരുവനന്തപുരം റേഞ്ച് ഡിഐജി ആർ നിശാന്തിനി, ഐജി ജി സ്പർജൻകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് സ്ഥിതിഗതി നിയന്ത്രിച്ചത്. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ.തോമസ് മാത്യു, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, മെഡിക്കൽ കോളേജ് സൂപ്രണ്ട് നിസാറുദ്ദീൻ, ഡിപിഎം ഡോ. ആശ വിജയൻ എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും നടപടികൾ ഏകോപിപ്പിച്ചു.

പന്ത്രണ്ടരയോടെ ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. രണ്ടരയോടെ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി. മന്ത്രി വി ശിവൻകുട്ടി, എ എ റഹിം എംപി, കെ കെ രമ എംഎൽഎ, കോൺഗ്രസ് നേതാക്കളായ വി എം സുധീരൻ, വി എസ് ശിവകുമാർ എന്നിവർ മെഡിക്കൽ കോളേജിൽ ആദരാഞ്ജലിയർപ്പിക്കാനെത്തി. പൊതുദർശനത്തിനുശേഷം കണ്ണീരിനും പ്രതിഷേധത്തിനുമിടയിലൂടെ വന്ദനയുടെ മൃതദേഹവും വഹിച്ചുള്ള ആംബുലൻസ് അസീസിയ മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടു. മന്ത്രി വി എൻ വാസവനും മൃതദേഹത്തെ അനുഗമിച്ചു.

## സാന്ത്വനിപ്പിച്ച് സുഹൃത്തുക്കൾ; കണ്ണീരൊഴിയാതെ മാതാപിതാക്കൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

രണ്ടര മണിക്കൂർ. പരസ്പരം ആശ്വസിപ്പിക്കാൻ വാക്കുകളില്ലാതെ, വിറങ്ങലിച്ച മനസ്സുമായി അവർ ഇരുന്നു. വന്ദനയെ കിടത്തിയിരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിക്ക് മുന്നിൽ അവളുടെ സഹപാഠികൾ. അവളെയെത്തിച്ച ആംബുലൻസിലുള്ളിൽ തോരാക്കണ്ണീരുമായി ആ മാതാപിതാക്കളും. പ്രിയപ്പെട്ടവളുടെ അപ്രതീക്ഷിതമായ വേർപാട് അവർക്ക് അത്രമേൽ അവിശ്വസനീയമായിരുന്നു.

പകൽ 12.30നോടടുത്താണ് വന്ദനയുടെ ചേതനയറ്റ ശരീരം ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. ഇൻക്വസ്റ്റ് പൂർത്തിയായതിനാൽ ഒരു നിമിഷംപോലും വൈകാതെ നേരെ മോർച്ചറിയിലേക്ക് മാറ്റി. രണ്ടരയോടെ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി അരമണിക്കൂറോളം മോർച്ചറിയിൽ പൊതുദർശനവും കഴിഞ്ഞ് മൃതദേഹം എടുക്കുംവരെ മാതാപിതാക്കൾ അടച്ചിട്ട ആംബുലൻസിൽ മകളെ കാത്തിരുന്നു.

മന്ത്രിമാരായ വി എൻ വാസവൻ, വി ശിവൻകുട്ടി, എ എ റഹിം എംപി, കെ കെ രമ എംഎൽഎ, മുൻ ആരോഗ്യമന്ത്രിമാരായ വി എം സുധീരൻ, വി എസ് ശിവകുമാർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തോമസ് മാത്യു, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഉഷാകുമാരി, സൂപ്രണ്ട് നിസാറുദീൻ, ഡിപിഎം ആശാവിജയൻ, ഡിഎംഒ ബിന്ദു, വന്ദന പഠിച്ച അസീസിയ മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ കെ ശശികല, മെഡിക്കൽ വിദ്യാർഥികൾ, ഡോക്ടർമാർ തുടങ്ങി നൂറുകണക്കിനുപേരാണ് വന്ദനയ്ക്ക് യാത്രാമൊഴിയേകാനെത്തിയത്.

## ഒമനിച്ച് വളർത്തിയ 'കുട്ടാപ്പി', ഒടുവിൽ....

പി സി പ്രശോഭ്

മുട്ടുചിറ (കോട്ടയം)

ആ അച്ഛനുമമ്മയും ജീവിച്ചതുതന്നെ മകൾക്കുവേണ്ടിയായിരുന്നു. 'കുട്ടാപ്പി'യെന്ന വിളി കേൾക്കാൻ വന്ദന ഇനിയില്ലെന്ന യാഥാർഥ്യം ഉൾക്കൊള്ളാനാകാതെ പകച്ചുനിൽക്കുകയാണ് അച്ഛൻ മോഹൻദാസും അമ്മ വസന്തകുമാരിയും. ഏകമകളുടെ സുരക്ഷയിൽ അങ്ങേയറ്റം ശ്രദ്ധാലുക്കളായിരുന്നു ഇരുവരും. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബം. പഠിക്കുമ്പോഴും ഹൗസ് സർജൻസി ചെയ്യുമ്പോഴും ഡ്രൈവറെ ഏർപ്പാടാക്കി കാറിൽ കൊണ്ടുവിടുമായിരുന്നു. സ്റ്റൂൾ വിനോദയാത്രയ്ക്ക് പോലും ടൂറിസ്റ്റ് ബസിനൊപ്പം മറ്റൊരു കാറിലാണ് മകളെ മാതാപിതാക്കൾ അയച്ചതെന്ന് അയൽക്കാർ പറഞ്ഞു. കൊട്ടാരക്കരയിൽനിന്ന് വീട്ടിലേക്ക് വരാനും തിരിച്ചും കാർ അയക്കുമായിരുന്നു.

മകൾ എംബിബിഎസ് കഴിഞ്ഞപ്പോൾ വീട്ടിലെ ഗേറ്റിൽ 'കെ ജി മോഹൻദാസ്, നമ്പിച്ചിറ കാലായിൽ' എന്ന പഴയ ബോർഡിനൊപ്പം 'വന്ദന ദാസ് എംബിബിഎസ്' എന്ന ബോർഡും അച്ഛൻ അഭിമാനപൂർവം വച്ചു. വന്ദനയുടെ വിവാഹമെന്ന സ്വപ്നം കണ്ടുതുടങ്ങിയ സമയത്താണ് നിനച്ചിരിക്കാത്ത ആഘാതം കുടുംബത്തെ തേടിയെത്തിയത്.

## ജോലി ഏറെ ഇഷ്ടപ്പെട്ട കൊച്ചനുജത്തി

മുട്ടുചിറ

'എല്ലാ കാര്യങ്ങളും എന്നോട് പറയുമായിരുന്നു. തൂക്കം വഴിപാടിന് എത്തിയപ്പോഴാണ് അവസാനമായി കണ്ടത്. ഈ വേർപാട് താങ്ങാൻ പറ്റുന്നില്ല'– വന്ദനയുടെ പിതൃസഹോദര പുത്രി ബിനിത പറഞ്ഞു. 'അവളെനിക്ക് കുഞ്ഞനുജത്തിയായിരുന്നു. എന്നെ കാണുമ്പോഴെല്ലാം വിശേഷങ്ങൾ പറയും. എംബിബിഎസ് പഠിക്കുന്ന സമയത്തും അച്ഛനമ്മമാർ ഇടയ്ക്ക് അവളുടെ കൂടെപ്പോയി നിൽക്കുമായിരുന്നു. ജോലി അവൾക്ക് ഇഷ്ടമായിരുന്നു. എപ്പോഴും സന്തോഷവതിയുമായിരുന്നു.' – ബിനിത പറഞ്ഞു.

## അവസാനമായി കാണാൻ മണിക്കൂറുകളുടെ കാത്തിരിപ്പ്

സ്വന്തം ലേഖകൻ

മുട്ടുചിറ

പട്ടാളംമുക്കിൽ മെയിൻറോഡരികിലുള്ള വീട്ടിലേക്ക് ബുധൻ രാവിലെ മുതൽ ആളുകൾ എത്തിത്തുടങ്ങിയിരുന്നു. മരണവിവരം പുലർച്ചെ തന്നെ ബന്ധുക്കളും നാട്ടുകാരും അറിഞ്ഞു. വന്ദനയുടെ അച്ഛനമ്മമാർ മാത്രമാണ് വീട്ടിൽ താമസം. ഇവർ വിവരമറിഞ്ഞ് കൊല്ലത്തേക്ക് പോയിരുന്നു. അടുത്തുള്ള ബന്ധുവീടുകളിലുള്ളവർ പുലർച്ചെ തന്നെ വീട്ടിലെത്തി. പോസ്റ്റ് മോർട്ടം നടപടികളും പൊതുദർശനവും കഴിഞ്ഞ് മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ രാത്രി എട്ട്. അതുവരെയും വീട്ടുമുറ്റത്ത് ആളുകളൊഴിഞ്ഞിരുന്നില്ല. എറണാകുളം റേഞ്ച് ഡിഐജി ഡോ. എ ശ്രീനിവാസ്, വൈക്കം എഎസ്പി നകുൽ രാജേന്ദ്ര ദേശ്മുഖ് എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് സംഘം വീട്ടിലെത്തി സാഹചര്യങ്ങൾ വിലയിരുത്തി.

രാവിലെ ആറിനാണ് വിവരമറിയിച്ച് വീട്ടിലേക്ക് ഫോൺ കോൾ വന്നത്. കുത്തേറ്റ് ആശുപത്രിയിലാണെന്ന് മാത്രമേ അപ്പോൾ അറിഞ്ഞിരുന്നുള്ളൂ. അച്ഛൻ മോഹൻദാസ് ഉടനെ തന്നെ സമീപത്ത് താമസിക്കുന്ന സഹോദരപുത്രൻ ബോബിയെ വിളിച്ച് വിവരം പറഞ്ഞു. മോഹൻദാസും ഭാര്യ വസന്തകുമാരിയും ഇവരുടെ സഹോദരൻ ബാബുവും ബോബിയും കൊല്ലത്തേക്ക് പോകുകയായിരുന്നു.

അവസാനമായി ഒന്ന് കാണാൻ കാത്തിരുന്ന ബന്ധുക്കൾക്ക് വന്ദനയുടെ സ്നേഹം നിറഞ്ഞ പെരുമാറ്റത്തെക്കുറിച്ച് മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. 'എന്ത് പറയണമെന്നറിയില്ല. ആ അച്ഛനും അമ്മയും അവൾക്കുവേണ്ടി മാത്രമാണ് ജീവിച്ചത്. അവളൊരു പാവമായിരുന്നു. മര്യാദയുള്ളവളായിരുന്നു. ഇങ്ങനെയൊരു സംഭവം സഹിക്കാവുന്നതിനും അപ്പുറമായി." – വന്ദനയുടെ പിതൃസഹോദരന്റെ മകൻ ബോബിയുടെ ഭാര്യ അനു വിതുമ്പലടക്കി പറഞ്ഞു.

## മടക്കം സ്വീകരണത്തിന് കാത്തുനിൽക്കാതെ

അന്നീഷ് ബാബു

മുട്ടുചിറ

വന്ദനയുടെ എംബിബിഎസ് ജയം നാടിനും അഭിമാനമായിരുന്നു. എസ്എൻഡിപി 2283 കുറുപ്പന്തറ ശാഖയുടെ വാർഷികത്തിന്റെ ഭാഗമായി നാട്ടുകാർ വന്ദനയ്ക്ക് സ്വീകരണം നൽകാനിരിക്കെയാണ് ദുരന്തമെത്തിയത്. സ്നേഹത്തോടെ മാത്രം പെരുമാറിയിരുന്ന വന്ദന കൊല്ലപ്പെട്ടെന്ന വാർത്തയുടെ ഞെട്ടലിലാണ് നാട്. പഠനത്തിൽ സമർഥയായിരുന്നു. മാതാപിതാക്കൾ വലിയ പ്രോത്സാഹനവും നൽകി. നസ്രത്ത്ഹിൽ ഡിപോൾ പബ്ലിക് സ്കൂളിലായിരുന്നു പഠനം. കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ എംബിബിഎസ് പഠനം പൂർത്തിയാക്കി ഹൗസ് സർജൻസി ചെയ്യുകയായിരുന്നു. ജോലിയെ മാത്രം സ്നേഹിച്ചിരുന്ന ഡോക്ടറായിരുന്നു വന്ദനയെന്ന് അടുപ്പമുള്ളവർ പറയുന്നു. നാടിന് അഭിമാനമാകേണ്ടവൾ നിശ്ചലദേഹമായി മടങ്ങിയെത്തിയ കാഴ്ച നിറകണ്ണുകളോടെയാണ് നാട്ടുകാർ കണ്ടത്.

## മുരളീധരൻ മത്സരിക്കാനില്ലെന്ന നിലപാട്: സതീശന്റെ വാദം തത്സമയം പൊളിഞ്ഞു

ബത്തേരി

തെരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് നേതൃയോഗത്തിൽ കെ മുരളീധരൻ പറഞ്ഞില്ലെന്ന് വി ഡി സതീശൻ. എന്നാൽ അത് കൈയോടെ മുരളീധരൻ പൊളിച്ചു. തന്റെ വ്യക്തിപരമായ അഭിപ്രായമായിരുന്നെന്നും തീരുമാനം മറിച്ചായാൽ അത് അംഗീകരിക്കുമെന്നും മുരളീധരൻ അറിയിച്ചു. കെപിസിസി നേതൃയോഗത്തിനുശേഷം നേതാക്കൾ നടത്തിയ വാർത്താസമ്മേളനത്തിലാണ് സതീശന്റെ വാദം തത്സമയം പൊളിഞ്ഞത്. നേതൃയോഗത്തിൽ ഇടഞ്ഞുനിന്ന മുരളീധരനെ നിർബന്ധിച്ചാണ് വാർത്താസമ്മേളനത്തിൽ ഇരുത്തിയത്. കോൺഗ്രസിൽ ഐക്യം പൂർണമായെന്ന് സുധാകരൻ പ്രഖ്യാപിച്ചെങ്കിലും രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ പങ്കെടുക്കാതെ പോയി. ബിജെപിയാണ് കോൺഗ്രസിന്റെ മുഖ്യശത്രുവെന്ന് നേതാക്കൾ പറഞ്ഞു. ഇതോടൊപ്പം സിപിഐ എമ്മിനെ പ്രതിരോധിക്കുമെന്നും പറഞ്ഞു.

### ഫോൺ വാങ്ങിവച്ചിട്ടും ചർച്ചകൾ പുറത്തായി

കെപിസിസി നേതൃയോഗത്തിൽ പങ്കെടുത്തവരുടെ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത് പ്രത്യേകം പേരെഴുതിയ കവറുകളിലാക്കി വാങ്ങിവച്ചിട്ടും ചർച്ചകൾ പുറത്തായി. പ്രതിനിധികൾ പുറത്തിറങ്ങുന്നതിനുമുമ്പുതന്നെ യോഗത്തിലെ സംഭവങ്ങൾ മാധ്യമങ്ങളിൽ വാർത്തയായി. ആദ്യദിനം സുധാകരന്റെ രാജിഭീഷണിയുൾപ്പെടെയുള്ളവ എല്ലാ മാധ്യമങ്ങളും തത്സമയം റിപ്പോർട്ട് ചെയ്തു. കൊട്ടിഘോഷിച്ച് അവതരിപ്പിച്ച സംഘടനാരേഖയും മാധ്യമങ്ങളുടെ മുന്നിലെത്തി.

### നടപടിവേണമെന്ന് സുധാകരൻ

ബത്തേരി

ഡോക്ടറുടെ മരണത്തിൽ സമഗ്ര അന്വേഷണം നടത്തി വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ. ലഹരിക്കടിപ്പെട്ട ഒരാളെ കൊണ്ടുവരേണ്ട രീതിയിലല്ല ആശുപത്രിയിലെത്തിച്ചത്. വിഷയത്തിൽ ലാഘവത്തോടെ പ്രതികരിച്ച ആരോഗ്യമന്ത്രിയെ നീക്കണം.

## യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് നാളെ തുടക്കം

കൊച്ചി

ഡിവൈഎഫ്ഐയുടെ മുഖമാസിക യുവധാര സംഘടിപ്പിക്കുന്ന യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ 12,13, 14 തീയതികളിൽ ഫോർട്ട് കൊച്ചിയിൽ നടക്കും. ഫോർട്ട് കൊച്ചിയിൽ പ്രത്യേകം തയ്യാറാക്കിയ 'മുസിരിസ്' വേദിയിൽ 12ന് വൈകിട്ട് ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ വൈവിധ്യങ്ങളെ ഇല്ലാതാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുമ്പോൾ, ജനാധിപത്യത്തെ നിലനിർത്താനും വൈവിധ്യങ്ങളെ അംഗീകരിക്കാനുമാണ് യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പതിനൊന്നിന് വൈകിട്ട് നാലിന് സ്വാഗതസംഘം ചെയർമാൻ കെ ജെ മാക്സി എംഎൽഎ പതാക ഉയർത്തും. ഫോർട്ട് കൊച്ചി സൗത്ത് ബീച്ചുമുതൽ വാസ്കോ ഡ ഗാമ സ്ക്വയർവരെയുള്ള സ്ഥലത്ത് പ്രത്യേകം തയ്യാറാക്കുന്ന മുസിരിസ്, കൊച്ചിൻ, പെരിയാർ എന്നീ മൂന്ന് വേദികളിലായി മൂന്നു ദിവസംകൊണ്ട് 72 സെഷനുകൾ സംഘടിപ്പിക്കും.

WANTED

ദേശാഭിമാനിയിൽ താഴെ പറയുന്ന തസ്തികകളിലേക്ക് വിദഗ്ധരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

മാനേജർ (പരസ്യ വിഭാഗം)
തിരുവനന്തപുരം
- MBA ബിരുദധാരികൾക്ക് മുൻഗണന
- അനുബന്ധ മേഖലയിൽ 5 മുതൽ 10 വർഷം വരെ പ്രവൃത്തിപരിചയം
- മികച്ച ആശയവിനിമയവും അവതരണ വൈദഗ്ധ്യവുമുള്ള B.com/ BBA ബിരുദധാരികൾ
- പ്രായപരിധി: 40

മാർക്കറ്റിംഗ് കോർഡിനേറ്റർ
കൊച്ചി
- ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദം/ബിരുദാനന്തര ബിരുദം
- മികച്ച അവതരണ വൈദഗ്ധ്യവും ആശയവിനിമയവും
- അനുബന്ധ മേഖലയിൽ ഡാറ്റ വിശകലന വൈദഗ്ധ്യം
- MS Word , Powerpoint, Excel എന്നിവയിൽ പ്രവൃത്തിപരിചയം
- പ്രായപരിധി: 35

അപേക്ഷകൾ അയക്കേണ്ട വിലാസം
career@deshabhimani.com

ദേശാഭിമാനി
പ്രബുദ്ധ കേരളത്തിന്റെ ശബ്ദം

Vencobb

വെൻകോബ് ചിക്കൻ
നിർദേശിച്ച റീട്ടെയിൽ ലൈവ് റേറ്റ്
₹ 134/Kg
Vencobb No.1 Tastiest Chicken

+2 കഴിഞ്ഞു ഇനിയെന്ത്?
ഫോർക്ക്ലിഫ്റ്റ്, ക്രെയിൻ, ജെസിബി, ഹിറ്റാച്ചി
ഒരു വർഷ ഡിപ്ലോമ ഹൈഡ്രോളിക് മെക്കാനിക്കൽ കോഴ്സുകൾ
ഓപ്പറേറ്റിങ്ങ് സൗജന്യം. ഗവൺമെന്റ് ലൈസൻസ് Limited Offer
HI-TECH COLLEGE
THRISSUR,9656215505
9387287267,9072577999

താരൻ,
മുടികൊഴിച്ചിൽ,
തലവേദന,ഉറക്കമില്ലായ്മ ,
ഉൻമേഷക്കുറവ് ഏതുമാകട്ടെ
കൃഷ്ണ
തുളസി
ഹെയർ ടോണിക്

MVM
MVM Ayurvedic Research Lab
Pooyappally PO., Kollam, Ph : 0474-2463788
www.krishnathulsi.com

LLB
LLM
Ph.D
(IN LAW)

14 Years of Excellence
വിവിധ സംസ്ഥാനങ്ങളിലെ
യൂണിവേഴ്സിറ്റികളിൽ സീറ്റ് ഒഴിവുകൾ
BCI APPROVED
ISO 9001:2015 CERTIFIED
EDUCATIONAL TRUST
Reg. No. 57/IV/2020, Under Govt. of Kerala
SV EDUCATION
KOCHI
www.sveducation.org
BANGALORE | TAMIL NADU | NEW DELHI
98460 44410 | 98460 44415
98461 71444 | 98461 15444

Marketed by
കരളിനോളം ആയുസ്സ്
Contains Invaluable Indian Medical Herbs Highly Effective all Liver Disorders
AYURO LIV
RESTORING LIVER IN NATURAL WAY
കരളിന്റെ സുരക്ഷയ്ക്കുള്ള
ഒരു ഉത്തമ ഉൽപന്നം
Available@Online
www.dstores.in
SCAN ME !
TO ORDER
Customer Care
9048 34 9009
9048 35 9009
200 ML
എല്ലാ ഇംഗ്ലീഷ്, ആയുർവേദ മെഡിക്കൽ ഷോപ്പുകളിൽ ലഭ്യമാണ്

RNI Reg. No. 44790/90. Vol. XXXV No.124 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com